പുഷ്പഗിരി മെഡിക്കൽ കോളേജിന് കൽപ്പിത സർവ്വകലാശാല പദവി

136 [3837] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ കോളേജായ പുഷ്പഗിരി മെഡിക്കൽ കോളേജ് കേരള സർക്കാരിനോ എം. ജി. യൂണിവേഴ്സിറ്റിക്കോ അപേക്ഷ നൽകാതെ നേരിട്ട് യു.ജി.സി.-ക്ക് മാത്രം അപേക്ഷ നൽകി കൽപ്പിത സർവ്വകലാശാല ആകാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ ഏതെങ്കിലും കൽപ്പിത സർവ്വകലാശാല നിലവിലുണ്ടോ; എങ്കിൽ ഈ സർവ്വകലാശാലയ്ക്ക് എത്ര അനുബന്ധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇൻഡ്യയിൽ ഉണ്ട്; അവ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) അനുബന്ധ സ്ഥാപനങ്ങൾ ഒന്നും ഇല്ലാത്തതും എം.ബി.ബി.എസ്. കോഴ്സ് 2002-ൽ മാത്രം തുടങ്ങിയതുമായ പുഷ്പഗിരി മെഡിക്കൽ കോളേജിന് കൽപ്പിത സർവ്വകലാശാല പദവി നൽകുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കൽപ്പിത സർവ്വകലാശാല പദവി നൽകണമെന്ന് കാണിച്ച് യു.ജി.സി.-ക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയ്ക്ക് എൻ.ഒ.സി. നൽകുന്നതിനായി പുഷ്പഗിരി മെഡിക്കൽ സൊസൈറ്റി സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) കേരളത്തിൽ ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിക്ക് കൽപ്പിത സർവ്വകലാശാല പദവി ഉണ്ട്. ഈ സ്ഥാപനം അനുബന്ധ സ്ഥാപനങ്ങളൊന്നും നടത്തുന്നില്ല. കോയമ്പത്തൂരുള്ള അമൃതവിശ്വ വിദ്യാപീഠത്തെ കൽപ്പിത സർവ്വകലാശാലയായി യു.ജി.സി. പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുകീഴിൽ കേരളത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(1) അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്റർ, കൊച്ചി
(2) അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസ്
(3) അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്
(4) അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡന്റിസ്ട്രി
(5) അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസ്, കൊല്ലം.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly